

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**08 NOVEMBER 2019**

**10 RABI'UL AWWAL 1441 AH**

# PRAYER FOR A CLEAN GOVERNMENT

## ഒരു നല്ല ഭരണകൂടത്തിനു വേണ്ടിയുള്ള പ്രാർത്ഥന

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഒരു നല്ല ഭരണകൂടത്തിനു വേണ്ടിയുള്ള പ്രാർത്ഥന**എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്നലെ മൗറിഷ്യൻ ജനത അടുത്ത അഞ്ചുവർഷത്തേക്കു വേണ്ടിയുള്ള ഒരു ഗവൺമെന്റിനായി വോട്ടു രേഖപ്പെടുത്തുകയുണ്ടായി. നമുക്ക് അല്ലാഹു(ത)യോട് പ്രാർത്ഥിക്കാം. മൗറിഷ്യസ് റിപ്പബ്ളിക്കിലെ ജനതയ്ക്കു പ്രയോജനം ലഭിക്കുന്നതും, അവരുടെ താത്പര്യ സംരക്ഷണത്തിനുമായി ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ ഒരു ഗവൺമെന്റ് ഉണ്ടായി വരുന്നതിനായി. വർഗ്ഗീയത എന്നന്നേക്കുമായി ഒഴിഞ്ഞുപോകാനായി നമുക്ക് പ്രാർത്ഥിക്കാം. അർഹരായ ആളുകൾ അർഹമായ സ്ഥാനത്ത് എത്തിച്ചേരുന്നതിനായി പ്രാർത്ഥിക്കാം. നമ്മുടെ രാജ്യത്തെ ശരിയായ പാതയിൽ അവർ നയിക്കട്ടെ! ശരിയായ ദിശയിലേക്ക് അവർ നമ്മുടെ രാജ്യത്തെ നയിക്കട്ടെ! ജനങ്ങൾ വോട്ട് ചെയ്തത് ഏത് ഗവൺമെന്റിനു വേണ്ടിയാണെന്ന്, ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു തന്നെയാണ്. നമുക്ക് പ്രത്യാശിക്കാം, പ്രാർത്ഥിക്കാം, ഗുണനിലവാരമനുസരിച്ച് ഏറ്റവും നല്ല ആളുകളെ പുതിയ മന്ത്രിസഭയിലെടുക്കട്ടെ, അറിവും പരിചയവും അക്കാര്യത്തിൽ പരിഗണിക്കട്ടെ, തങ്ങളെ പിന്തുണച്ചതിന്റെ പേരിലോ, കുടുംബചിന്തയിലോ ആകാതിരിക്കട്ടെ!

ഇന്ന് വോട്ടെണ്ണൽ ദിനമാണ്, നമ്മുടെ ദ്വീപായ മൗറിഷ്യസിലും, മൗറിഷ്യസിന്റെ സംരക്ഷണത്തിലുള്ള മറ്റു ദ്വീപു സമൂഹങ്ങളിലും അടുത്ത അഞ്ച് വർഷത്തേക്ക് ആരാണ് ഭരിക്കുന്നതെന്ന് ഇന്ന് മഗ്‌രിബ് നമ

സ്ക്കാരാനന്തരം അറിയാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. ജൂദാസുകളെ നീക്കം ചെയ്യാനായി നമുക്ക് പ്രാർത്ഥിക്കാം, അതു പോലെ കപടവിശ്വാസികളെയും കുഴപ്പകാരികളെയും, അതോടൊപ്പം തങ്ങളുടെ മതവിശ്വാസികളെ മാത്രം സംരക്ഷിക്കുന്നതായ ആളുകളെയും, മതത്തിന്റെ പേരിൽ മനുഷ്യനെ തിരിക്കുന്ന വർഗ്ഗീയവാദികളെയും, ശത്രുതയും വെറുപ്പും സൃഷ്ടിക്കുകയും ചെയ്യുന്നവരെയും അല്ലാഹു(ത) നീക്കം ചെയ്യട്ടെ! സംശുദ്ധമായ ഒരു ഗവൺമെന്റിനെ അല്ലാഹു(ത) പ്രദാനം ചെയ്യട്ടെ! തെരഞ്ഞെടുക്കപ്പെടുന്നവർ ശരിയായ അറിവുള്ളവരും മാന്യതയുള്ളവരും ആയിരിക്കട്ടെ! മൗറിഷ്യൻ ജനതയുടെ ക്ഷേമത്തിനായി ശരിയായ നിലയിൽ ധനം വിനിയോഗിക്കുന്ന അതിലൂടെ പുരോഗതിയും ഐശ്വര്യവും വരുത്തുന്ന, രാജ്യത്തെ ശരിയായ നിലയിൽ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന, നിസ്വാർത്ഥമായ നിലയിൽ, ചതിയും വഞ്ചനയുമില്ലാത്ത, സ്തുത്യർഹമായ നിലയിൽ ഭരണം കാഴ്ചവയ്ക്കുവാൻ കഴിയട്ടെ! ഇൻശാ അല്ലാഹ്! ആമീൻ സുമ്മ ആമീൻ!യാ നബ്ബൽ ആലമീൻ.

## ISLAM & INTERNATIONAL LAW

## ഇസ്ലാമും അന്താരാഷ്ട്ര നിയമവും

ഒരു വ്യക്തിയുടെയും രാജ്യത്തിന്റെയും ജീവിതത്തിന് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാകുന്നു നിയമങ്ങൾ. വിദേശ നയങ്ങളെ കൈകാര്യം ചെയ്യുന്ന നിയമത്തെ അന്താരാഷ്ട്ര നിയമം എന്നു വിളിക്കുന്നു. അന്താരാഷ്ട്ര നിയമചരിത്രത്തെ നാം അവലോകനം ചെയ്യുകയാണെങ്കിൽ, നമുക്കറിയുവാൻ കഴിയും, മാറ്റാനാവാത്ത നിയമങ്ങളൊന്നും ഈ കാര്യത്തിലില്ല എന്ന്! റോമൻ നിയമം പോലും മുൻകാലത്ത്. മറ്റു വ്യവസ്ഥിതിയെ പോലെ, വ്യക്തിത്വത്തിന്റെ തത്വത്തിലധിഷ്ഠിതമായാണ് ആദ്യമായി രൂപം കൊണ്ടത്. അതുകൊണ്ടർത്ഥമാക്കുന്നത്, ഭരണക്കൂടത്തിന്റെ നിയമം അതിന്റെ പൗരന്മാരിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം അവൻ ഉടമസ്ഥതയില്ലാത്തവനാണ്. അവന് പ്രത്യേകമായി ഒരവകാശവും ഇല്ലാത്തവനാണ്, അവന്റെ രാജ്യവും റോമുമായി പ്രത്യേകമായ സംരക്ഷണ ഉടമ്പടി ചെയ്തിട്ടില്ലാത്തിടത്തോളം കാലം, അവന്റെ എല്ലാ ധനവും ഏതു റോമാക്കാരുനും ഏതു സ്ഥലത്തു വെച്ചും പിടിച്ചെടുക്കാവുന്നതാണ്.

പടിഞ്ഞാറൻ നിയമങ്ങൾ, കൂടുതലായും ലഭ്യമായിട്ടുള്ളത്,

റോമൻ നിയമങ്ങളിൽ നിന്നാണ്, അന്താരാഷ്ട്രനിയമവുമായി പ്രത്യേകമായി ആശയമൊന്നുമില്ലതിന്! ഇസ്ലാമാണ് ആദ്യമായി അന്താരാഷ്ട്രനിയമം കൊണ്ടു വരുന്നത്, ഒരു പ്രദേശത്തെ നിയമം, ചിട്ട എന്ന നിലയിൽ ഭരണാധികാരിയുടെ നടത്തിപ്പ് എന്ന പേരിൽ പ്രത്യക്ഷപ്പെടുകയുണ്ടായി, മുസ്ലിം ചിന്തകന്മാർ ലോകത്തെ വിഭജിച്ചത് കാണുക.

1. ദാറുൽ ഇസ്ലാം (മുസ്ലിം ഭൂപ്രദേശം)
2. ദാറുൽ സുൽഹ് (ഉടമ്പടി ബന്ധങ്ങളിലൂടെയുള്ള ഭൂപ്രദേശം)
3. ദാറുൽ ഹർബ് (യുദ്ധഭൂമി)

മുസ്ലിംകൾ ഒരൊറ്റ സാഹോദര്യത്തിലധിഷ്ഠിതമാണ്. മുസ്ലിംകൾ അല്ലാത്തവർ മുസ്ലികളുമായുള്ള ഉടമ്പടിയിലൂടെ ബന്ധിതരായവരും ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ബന്ധപ്പെടുന്നവരുമാണ്. മുസ്ലിംകൾ അല്ലാത്തവർ, ഇസ്ലാമുമായി ഉടമ്പടി ബന്ധമില്ലാത്തവർ, അവരെ രണ്ട് നിലയിൽ കണക്കാക്കപ്പെടുന്നു. ഒരു ഭൂപ്രദേശം, മുസ്ലിംകളെ ഉപദ്രവിക്കുക, ഇസ്ലാമിന്റെ ശത്രുക്കൾ അവരെ അവിടെ അവരുടെ ആചാരങ്ങൾ നടത്തുവാനോ പ്രബോധനം നടത്തുവാനോ അനുവദിക്കാതിരിക്കുക, അത് യുദ്ധാവസരത്തിലായാലും ശരി അല്ലെങ്കിലും ശരി, ഇനി മുസ്ലിംകൾക്ക് മതസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും അനുവദിക്കുകയാണെങ്കിൽ, അവർക്കെതിരിൽ യുദ്ധം പാടില്ല. ഇസ്ലാമിന്റെ അടിസ്ഥാന തത്വത്തിൽ പെടുന്ന കാര്യമാണ്, തക്കതായ കാരണമില്ലാതെ യുദ്ധം ആരംഭിക്കുവാൻ പാടില്ല എന്നത്!

അവിശ്വാസികളുമായിട്ടുപോലും നാം അവരോട് ദയാപുരസ്സരവും തുല്യനീതിയിലുമായി മാത്രമെ പ്രവർത്തിക്കുവാൻ പാടുള്ളു. അവർ നമ്മുടെ വിശ്വാസത്തെയും നമ്മെയും നശിപ്പിക്കാത്തിടത്തോളം കാലം വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെ പറ്റി, നിങ്ങളവർക്ക് നന്മചെയ്യുന്നതും അവരുമായി നീതിപൂർവ്വം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല, തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു 60:9

ഇസ്ലാം ഒരു സമാധാനമതമാകുന്നു. വിശ്വാസികൾ സമാധാനപൂർവ്വം സഹകരിച്ചു കഴിയുന്നു. എന്നിരുന്നാലും ഉടമ്പടികളും, ഉഭയസമ്മതങ്ങളും, കരാറുകളും മാനിക്കപ്പെടേണ്ടതു തന്നെയാ

ണ്. അവയിലൂടെ ഉരുത്തിരിയുന്ന കടമകൾ, വിശ്വസ്തപൂർവ്വം പൂർത്തിയാക്കേണ്ടതുമാണ്,

വിശ്വസിച്ചവരെ, (നിങ്ങളുടെ) കരാറുകൾ പൂർത്തിയാക്കുക. (5:2) നിങ്ങൾ കരാറുകൾ പൂർത്തിയാക്കുക. കാരണം (കരാറുകളെകുറിച്ച്) ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:35)

മുസ്ലിം അന്താരാഷ്ട്രനിയമവും അതിന്റെ ആശയങ്ങളും സ്ഥാപിതമായിരിക്കുന്നത് സാർവ്വദേശീയ മാനവസത്യങ്ങളുടെ അടിസ്ഥാനത്തിലാണ്. അത്തരം ആശയങ്ങൾ മുഴുവൻ മാനവകുലത്തിനുമായി നടപ്പിലാക്കാവുന്നതാണ്. മതമോ വംശമോ പരിഗണിക്കാതെ! ലോക സമാധാനത്തിലെ മുസ്ലിം ആദർശത്തിൽ, മുസ്ലിം ഭരണകൂടം ഒരു ഉത്തരവാദിത്വം ഏറ്റെടുക്കുന്നുണ്ട്, ഒരു മുസ്ലിം വ്യക്തിക്കുപോലും, മുഴുസമുദായത്തോടും പ്രസ്തുത ഉത്തരവാദിത്വമുണ്ട്, ഇസ്ലാം പ്രസ്തുതവ്യക്തിക്ക് അനുവാദം നല്കുകയാണ്, അവനൊരു അടിമയാണെങ്കിൽ പോലും, ശത്രുവിന് പോലും സംരക്ഷണം നല്കുക എന്നത്. അവൻ ചെയ്ത വാഗ്ദാനം പാലിക്കപ്പെടേണ്ടതുമാണ് എന്നതും അവന്റെ ചുമതലയിൽപ്പെട്ടതാകുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മുസ്ലിംകൾ ഒന്നാകുന്നു. അവരിലെ ഏറ്റവും വിനയശീലൻ, അവൻ ചെയ്ത കരാർ പാലിക്കുന്നവനാകുന്നു. അബൂഉബൈദ് (റ) ഒരിക്കൽ ഖലീഫാ ഉമർ(റ)ന് എഴുതുകയുണ്ടായി. ഇറാഖിലെ ഒരു പട്ടണത്തിൽ താമസിക്കുന്ന ആളുകൾക്ക് ഒരു അടിമ സുരക്ഷിതത്വവാഗ്ദാനം നല്കുകയുണ്ടായി. ഇത് സംബന്ധമായി ഖലീഫ ഉമർ(റ)വിന്റെ അഭിപ്രായം ആരായുകയുണ്ടായി. മറുപടിയിൽ ഹസ്രത് ഉമർ(റ) പറയുകയുണ്ടായി. കരാറുകൾ പാലിക്കുവാൻ അല്ലാഹു(ത) കല്പിച്ചിരിക്കുന്നു. അവ നിങ്ങൾ പൂർത്തിയാക്കുന്നില്ലെങ്കിൽ നിങ്ങൾ വിശ്വസ്തനല്ല. ആയതിനാൽ നിങ്ങൾ അവരോട് ചെയ്ത വാഗ്ദാനം പാലിക്കുക. അവരെ ഒറ്റയ്ക്ക് വിട്ടേക്കുക.

വാഗ്ദാന പൂർത്തീകരത്തിന് നിയമജ്ഞർ വളരെ വലിയ പ്രാധാന്യമാണ് കല്പിക്കുന്നത്. കാരണമങ്ങനെയാണെങ്കിലും, ഒരുവിദേശിയുടെ സുരക്ഷിതത്വം, അത്തരം വാഗ്ദാനങ്ങളിൽ, ബാധകമാവുകയില്ല, ഒരു മുസ്ലിം രാഷ്ട്രം മറ്റൊരു വിദേശ രാഷ്ട്രവുമായി യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ! ഒരു വിധ നിയമലംഘനങ്ങളും ബാധിക്കാത്ത നിലയിലാണ്.അമ്പാസഡർമാരുടെ

കാര്യം വിശ്വാസ സ്വാതന്ത്ര്യം അവർക്ക് നല്കപ്പെട്ടിരിക്കുന്നു. അവർക്ക് തങ്ങളുടെ മാതൃരാജ്യത്തേക്ക് സുരക്ഷിതമായി മടങ്ങാവുന്നതാണ്. ഇസ്ലാം അതിന്റെ രാജ്യാതിർത്തിയിൽ, വിവിധങ്ങളായ നിയമങ്ങൾ, ഓരോ സമുദായത്തിന്റെയും നിയമപരമായ സ്വയം ഭരണധികാരം അനുവദിക്കുന്നു. അതുകൊണ്ട് തന്നെ ഒരു വിദേശിക്ക്, തന്റെ തന്നെ കുമ്പസാരകോടതിയുടെ, അധികാരാതിർത്തിയിൽ കഴിയുവാൻ കഴിയുന്നു. അതുമാത്രമല്ല, ഇസ്ലാം പൂർണ്ണമായും നിരോധിച്ചിട്ടുള്ള കാര്യവും അവന് പിന്തുടരുവാനുള്ള അനുവാദവും നല്കുന്നു. ഉദാഹരണത്തിന് മദ്യപാനം ഇസ്ലാം നിരോധിച്ചിട്ടുള്ള കാര്യമാണ്, എന്നാൽ, ഒരു അമുസ്ലിമിന് മദ്യപാനം ചെയ്യുവാൻ അനുവാദമുള്ളതുപോലെതന്നെ, അവന് അത് ഉണ്ടാക്കുവാനും വില്പന നടത്തുവാനുള്ള അനുവാദമുണ്ട്. ഇത്തരത്തിലാണ് ഇസ്ലാമിന്റെ അനുവാദ സഹിഷ്ണുത. സമാധാനത്തോടെ, മനുഷ്യൻ ചേർന്നു ജീവിക്കുവാനുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ലോക ക്രമമാണ് ഇസ്ലാം മുന്നോട്ട് വെയ്ക്കുന്നത്.

നമുക്കെല്ലാപേർക്കും ഗാഢമായി ഒന്നും ചിന്തിച്ചു നോക്കിയാലോ? മതപരമായ നിയമങ്ങൾ രാജ്യത്തിന്റെ നിയമങ്ങളാകുന്നതിനെപറ്റി! അത് സാധ്യമാണോ? ഇസ്ലാമിന്റെ നിയമമൊഴികെ മറ്റൊരു മതനിയമങ്ങളും സമ്പൂർണ്ണമായതും അന്താരാഷ്ട്രതലങ്ങളുൾക്കൊള്ളുന്നതുമല്ല. ഇസ്ലാം ആദരിക്കുന്നതുപോലെയും, നിയമങ്ങൾ നിലകൊള്ളുന്നതുമായ മറ്റൊരു മതവുമില്ല. എന്നാൽ, ദൗർഭാഗ്യവശാൽ മുസ്ലിംകൾ ഇന്നതിനെ അപഹാസമാക്കിയിരിക്കുകയാണ്. പ്രസക്തി കുറഞ്ഞ ഒരാശയമായി അതിനെ തള്ളിക്കളഞ്ഞിരിക്കുന്നു. ഇസ്ലാമിക നിയമങ്ങൾ ഒരു രാജ്യത്തെ നിയന്ത്രിക്കുന്നതിന്, നടപ്പിലാക്കുന്നത്, അസാധ്യമായ ഒരു സാഹസകൃത്യമൊന്നുമല്ല. ഒരു കുഴപ്പവും സൃഷ്ടിക്കാതെ കുറെശ്ശെയായി അത് നടപ്പിൽ വരുത്താവുന്നതാണ്. ഇസ്ലാമിന്റെ നേരെ ലോകം മുന്നിടുമ്പോൾ, ഭൂമി അപ്പോൾ, ഇസ്ലാമിനാൽ ഭരിക്കപ്പെടും. അല്ലാത്തപക്ഷം, എല്ലാ ജനങ്ങളും മുസ്ലിംകളും, മുസ്ലിംകൾ അല്ലാത്തവരുമായി അവരുടെ മാതൃരാജ്യത്തിന്റെ നിയമങ്ങൾ ആദരിക്കും. ചതിയും വഞ്ചനയും തിന്മയും കല്പിക്കാത്തിടത്തോളം കാലം! നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ, ദൈവത്തിന്റെ നാമം നാം പറയുകയാണെങ്കിൽ പോലും, നിങ്ങൾ പെട്ടെന്ന്, ഉടനെ തന്നെ ഇസ്ലാമിന്റെ നിയമം അനുസരിച്ച്, പെരുമാറുക എന്ന് കല്പിക്കുവാൻ കഴിയുകയില്ല. കാരണം ഇസ്ലാം, ഇസ്ലാമിന്റെ യഥാർത്ഥവഴി, അത് ഒരു രീതി

യിലുള്ള സമ്മർദ്ദവും അനുവദിക്കുന്നില്ല. എല്ലാവിധ സമ്മർദ്ദങ്ങളെയും അത് തടയുന്നു. ജനങ്ങളുടെ മേൽ യാതൊരുവിധ അടിച്ചേല്പിക്കലുമില്ല.

ദൗർഭാഗ്യവശാൽ, മുസ്ലിംകൾ ഇന്ന് ഇസ്ലാമിൽ നിന്നും വളരെ വിദൂരത്തായി പോയിരിക്കുന്നു. അവരിന്ന് കപടവിശ്വാസികളായിരിക്കുന്നു. മുഴുമാനവ സമുദായവും സർവ്വശക്തനായ ദൈവത്തോട് കാപട്യത്തോടെയാണ് സമീപിക്കുന്നത്, സത്യവും നീതിയും ഭൂമിയിൽ സ്ഥാപിക്കുന്നതിന് കാപട്യത്തെ അവർ കൂട്ടുപിടിക്കുന്നു. രാഷ്ട്രീയത്തിലും, സമുദായത്തിലും എല്ലായിടത്തും കപടതയാണ് നിഴലിക്കുന്നത്. കാപട്യം നന്മ തഴച്ചു വളരുവാൻ അനുവദിക്കുന്നില്ല. ദൈവവചനങ്ങൾ വേരോടുവാൻ കാപട്യം അനുവദിക്കുന്നില്ല ഇതാണ് ഏറ്റവും വലിയ പ്രശ്നം!

എല്ലാ ഹൃദയങ്ങളിലും ഇസ്ലാമിന്റെ ഒരു ഉയർത്തെഴുന്നേല്പ് കൊണ്ടുവരുവാനായി, അവന്റെ മാർഗദർശനത്തിന്റെ കീഴിൽ, നമുക്ക് ഈ നൂറ്റാണ്ടിൽ കഠിനമായി യത്നിക്കുവാൻ അല്ലാഹു(ത) നമ്മെ പ്രാപ്തമാക്കട്ടെ! അങ്ങനെ മാനവസമുദായം ഇസ്ലാമിന്റെ തെളിമയാർന്ന മണം വീണ്ടും ആസ്വദിക്കട്ടെ! വിശ്വാസ കാര്യത്തിൽ ഒരു രീതിയിലുള്ള സമ്മർദ്ദവും, വഞ്ചനയും ഉണ്ടാകാതിരിക്കട്ടെ! ചതിയിൽ നിന്നും സമ്മർദ്ദത്തിൽ നിന്നും വിശ്വാസം മുക്തമാകട്ടെ. ആമീൻ

വിശ്വസിക്കുന്നവർ, വിശ്വസിക്കുന്നവർ തന്നെയാണ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ! അല്ലാഹുവിന്റെ സന്ദേശത്തിൽ നിന്നും പിന്തിരിയുന്നവർ, അറിയുക, വിശ്വാസ കാര്യത്തിൽ വിധി കർത്താവായി അല്ലാഹു മതിയായവനാണ് സാക്ഷിയായും അവൻ മതിയായവനാണ്.

നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് ഇറക്കപ്പെട്ടത് സത്യമാണ്. പക്ഷേ, മനുഷ്യരിൽ അധികമാളുകളും വിശ്വസിക്കുന്നില്ല! 13 :2!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*